# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3531** — **20/06/2018-ൽ മറുപടിയ്ക്ക്**

## നിപ വൈറസിനെ പ്രതിരോധിക്കുവാൻ ഫലപ്രദമായ ചികിത്സാ രീതികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | നിപ വൈറസിനെ പ്രതിരോധിക്കുവാൻ ഫലപ്രദമായ ചികിത്സാ രീതികൾ എന്തെല്ലാമാണ്; വിശദ വിവരം നൽകുമോ; | **എ)** | രോഗലക്ഷണങ്ങൾക്കും അണുബാധ ശരീരത്തിന്റെ ഏതു അവയവ വ്യവസ്ഥയെയാണോ ബാധിച്ചിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ സപ്പോർട്ടീവ് ചികിത്സാ രീതിയാണ് ഇപ്പോൾ പ്രധാനമായും അവലംബിച്ചു വരുന്നത്. കൂടാതെ നിപ വൈറസിനെതിരായി റിബാവൈറിൻ എന്ന മരുന്ന് വളരെ ഫലവത്തായി കണ്ടതുമൂലം നിപ വൈറസ് ബാധിതരെ ചികിത്സിക്കുന്നതിനായി ആയത് സംഭരിച്ചു നൽകിയിട്ടുണ്ട്. നിപ ബാധിതരുമായി സമ്പർക്കത്തിൽ വരുന്നവർക്ക് പ്രതിരോധത്തിനായി ഹ്യൂമൻ മോണോ ക്ലോണൽ ആന്റിബോഡിയും വിദേശത്തു നിന്ന് സംഭരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. |
| **ബി)** | ഇക്കാര്യത്തിൽ ആസ്ട്രേലിയ, ജപ്പാൻ എന്നീ രാജ്യങ്ങളിലെ വിവിധ മരുന്നുകൾ ഫലപ്രദമാകുമെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ? | **ബി)** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജപ്പാനിൽ നിന്നുള്ള ഫാബിപിഗാമിർ എന്ന മരുന്ന് റിബാവൈറിൻ എന്ന മരുന്നിനോട് സാദൃശ്യമുള്ള മരുന്ന് ആയതിനാൽ ജപ്പാനിൽ നിന്നുള്ള മരുന്ന് സംഭരിച്ചിട്ടില്ല. ആസ്ട്രേലിയയിൽ നിന്നുള്ള ഹ്യൂമൻ മോണോക്ലോണൽ ആന്റിബോഡിയും സംഭരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**